## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 335** **12/11/2019 ൽ മറുപടിക്ക്**

## <u>മലബാറിലെ ക്ഷേത്രങ്ങളിലെ ഭരണനിർവ്വഹണം</u>

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ.ടി. വി. ഇബ്രാഹിം<br>ശ്രീ.പി.ഉബൈദുള്ള | കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മലബാറിലെ ക്ഷേത്രങ്ങളിലെ ഭരണനിർവ്വഹണത്തെ സംബന്ധിച്ച പഠനങ്ങൾ നടത്തി ക്ഷേത്രജീവനക്കാരുടെ ദുരവസ്ഥ പരിഹരിക്കുവാൻ നിയമപരിഷ്കരണമുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ നൽകുന്നതിന് കെ.ഗോപാലകൃഷ്ണൻ അധ്യക്ഷനായ കമ്മിറ്റിയെ നിയോഗിച്ചിരുന്നോ; | (എ) | നിയോഗിച്ചിരുന്നു. |
| (ബി) | കമ്മിറ്റി പ്രവർത്തനം തുടങ്ങിയത് എന്നു മുതലാണെന്നും കമ്മിറ്റിയുടെ ഘടന, പരിഗണനാ വിഷയങ്ങൾ, കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചതെന്ന് തുടങ്ങിയ വിവരങ്ങളും വിശദമാക്കുമോ; | (ബി) | 19/01/2017 ലെ സ.ഉ. (സാധാ) നം. 186/2017/റവ പ്രകാരം അഡ്വ. കെ. ഗോപാലകൃഷ്ണൻ ചെയർമാനും, ശ്രീ. മോഹനൻ സി., ശ്രീ. എ. വേണുഗോപാൽ എന്നിവർ അംഗങ്ങളുമായ മൂന്നംഗ കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 28/02/2017 ൽ കമ്മിറ്റി പ്രവർത്തനം തുടങ്ങി. മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട നിലവിലെ ഹിന്ദുമത ധർമ്മ സ്ഥാപന (ഭേദഗതി) നിയമം 1951, പരിശോധനാ വിധേയമാക്കി, കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കുക എന്നതായിരുന്നു പ്രസ്തുത |

| | | | |
|---|---|---|---|
| | | | കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങൾ. 07/09/2017 ന് കമ്മിറ്റി സർക്കാർ മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. |
| (സി) | തിരുവിതാംകൂർ, കൊച്ചി ദേവസ്വങ്ങളുടെ രീതിയിലേക്ക് മലബാർ ദേവസ്വത്തിന്റെ പ്രവർത്തനം മാറ്റണമെന്ന് കമ്മിറ്റി നിർദ്ദേശിച്ചിരുന്നോ; കമ്മിറ്റിയുടെ മറ്റ് പ്രധാന നിർദ്ദേശങ്ങൾ വെളിപ്പെടുത്താമോ; | (സി) | കമ്മിറ്റിയുടെ പ്രധാന നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത റിപ്പോർട്ടിന്മേൽ നാളിതുവരെ സ്വീകരിച്ചതും സ്വീകരിച്ചുവരുന്നതുമായ നടപടികൾ വെളിപ്പെടുത്തുമോ; കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ആവശ്യമായ നിയമഭേദഗതികൾ എന്നത്തേക്ക് നടപ്പാകും; വിശദമാക്കുമോ? | (ഡി) | അഡ്വ. ഗോപാലകൃഷ്ണൻ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് ദേവസ്വം വകുപ്പ് നിയമ വകുപ്പിന്റെ പരിശോധനയ്ക്ക് നൽകുകയുണ്ടായി. തുടർന്ന് കരട് ഭേദഗതി ബിൽ തയ്യാറാക്കി നിയമ പരിഷ്കരണ കമ്മീഷന് നൽകിയിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മസ്ഥാപന നിയമം എന്നതിന് പകരം 2017 ലെ മലബാർ ഹിന്ദുമത ധർമ്മസ്ഥാപന നിയമം എന്ന പുതിയ നിയമത്തിന് നാമകരണം നൽകാവുന്നതാണ്.

2. 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിൽ, ക്ഷേത്രഭരണം പാരമ്പര്യ ട്രസ്റ്റിമാരിൽ നിക്ഷിപ്തമായിക്കൊണ്ടുള്ള വ്യവസ്ഥ നിലവിൽ ഇല്ലാത്തതിനാൽ ക്ഷേത്ര ഭരണം പാരമ്പര്യേതര ട്രസ്റ്റിമാർ ഉൾപ്പെടെയുള്ള ട്രസ്റ്റിമാരിലാണ് നിക്ഷിപ്തമായിട്ടുള്ളത് എന്നതിനാൽ ക്ഷേത്രഭരണം ട്രസ്റ്റിമാരുടെ നിക്ഷിപ്ത അവകാശമല്ല. മറിച്ച് നിയമ വ്യവസ്ഥ പ്രകാരം ഏൽപ്പിക്കപ്പെട്ട ഒരു ചുമതല മാത്രമാണ്. ഈ സാഹചര്യത്തിൽ ക്ഷേത്രഭരണം ബോർഡിൽ നിക്ഷിപ്തമാക്കിക്കൊണ്ട് നിയമത്തിൽ വ്യവസ്ഥ ചെയ്ത് എല്ലാ ക്ഷേത്രങ്ങളിലേയും വരുമാനം സഞ്ചിത നിധിയിലേയ്ക്ക് കൊണ്ടുവന്ന് ക്ഷേത്രങ്ങളിൽ നിന്നും ബോർഡിലേയ്ക്ക് അയയ്ക്കുന്ന ബഡ്ജറ്റ് അനുസരിച്ച് ഭരണ നിർവ്വഹണത്തിനാവശ്യമായ ഫണ്ട് ബോർഡിൽ നിന്നും ക്ഷേത്രങ്ങളിലേയ്ക്ക് നൽകി ക്ഷേത്രഭരണം നടത്താവുന്ന നിലയിൽ നിയമ വ്യവസ്ഥ ഉൾപ്പെടുത്തി പരിഷ്കരിച്ച നിയമം കൊണ്ടുവരാവുന്നതാണ്.

3. ട്രസ്റ്റിമാരെ മതപരമായ ചടങ്ങുകളുടെ നടത്തിപ്പിനുള്ള ചുമതല ബോർഡ് ഏൽപ്പിക്കുന്ന പ്രകാരം നിർവ്വഹിക്കാൻ വ്യവസ്ഥ ചെയ്യാവുന്നതാണ്. ക്ഷേത്രങ്ങളെ താലൂക്ക് അടിസ്ഥാനത്തിൽ ഗ്രൂപ്പ് ചെയ്ത് ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷണർമാരുടെ നിയന്ത്രണത്തിൽ സബ് ഗ്രൂപ്പ് ഓഫീസർമാർ ഭരണം നടത്തുന്ന വിധം സംവിധാനം ഒരുക്കേണ്ടതാണ്. ബോർഡിന്റെ കീഴിൽ നിലവിലുള്ള സ്ഥാപനങ്ങളെ 12 ഗ്രൂപ്പുകളാക്കി, 12 ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷണർമാരുടെ കീഴിൽ പ്രവർത്തനം ചിട്ടപ്പെടുത്തുന്നത് ശക്തമായ ഒരു ഭരണ സംവിധാനമായി മാറുമെന്നതിനാൽ അതിനാവശ്യമായ തസ്തികകൾ അനുവദിച്ച് നൽകാവുന്നതാണെന്ന് ശുപാർശ

ചെയ്യുന്നു. കൂടാതെ ക്ഷേത്രഭരണം നേരിട്ട് ഏറ്റെടുക്കുമ്പോൾ നിർവ്വഹിക്കപ്പെടാനുള്ള ഉത്തരവാദിത്തങ്ങളുടെ നിർവ്വഹണത്തിന് അനുസൃതമായ നിലയിൽ ബോർഡിൽ ആവശ്യമായി വരുന്ന എഞ്ചിനീയറിംഗ്, അക്കൗണ്ട്സ്, നിയമം, ഓഡിറ്റ് മറ്റു പരിശോധനകൾ എന്നിവയ്ക്കാവശ്യമായ വിഭാഗങ്ങളിലെ തസ്തികകളും ആവശ്യമായ എക്സിക്യൂട്ടീവ് ഓഫീസർമാരുടെ തസ്തികകളും പുതുതായി സൃഷ്ടിക്കേണ്ടതാണെന്ന് ശുപാർശ ചെയ്യുന്നു.

4. ക്ഷേത്രങ്ങളെ പൂജാസമയങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിക്കുന്നതിനും അപ്രകാരം മൂന്നും അതിലധികവുമുള്ള ക്ഷേത്രങ്ങളെ 1-ാം ഗ്രേഡിലും, രണ്ട് നേരം പൂജയുള്ള ക്ഷേത്രങ്ങളെ 2-ാം ഗ്രേഡിലും, ഒരു നേരം മാത്രം പൂജയുള്ള ക്ഷേത്രങ്ങളെ പാർട്ട് ടൈം സ്കെയിലിൽ 3-ാം ഗ്രേഡിലും ഉൾപ്പെടുത്തി ഗ്രേഡ് തിരിക്കാവുന്നതാണ്. ജീവനക്കാരുടെ എണ്ണം നിശ്ചയിക്കുമ്പോൾ ഓരോ ഗ്രേഡിലും ഉണ്ടായിരിക്കേണ്ടതായ കുറഞ്ഞ എണ്ണം തസ്തികകളും വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിജപ്പെടുത്താവുന്നതാണ്. ഇത്തരം കാര്യങ്ങൾ ചട്ടങ്ങൾ രൂപീകരിക്കുമ്പോൾ വ്യവസ്ഥ ചെയ്യാവുന്നതാണ്.

5. ബോർഡ് അംഗങ്ങളുടെ നിയമന കാലാവധി നാലു വർഷമായി നിശ്ചയിക്കേണ്ടതാണ്. ബോർഡ് അംഗങ്ങളുടെയും പ്രസിഡന്റിന്റെയും ഓണറേറിയം കാലാനുസൃതമയി വർദ്ധിപ്പിക്കേണ്ടതാണ്. ഏരിയാ കമ്മിറ്റികൾ ആവശ്യമില്ലെന്ന് കണ്ട് ഒഴിവാക്കേണ്ടതാണ്.

6. എക്സിക്യൂട്ടീവ് ഓഫീസർമാരുടെ എണ്ണം പരിമിതപ്പെടുത്തുന്നതിന് സബ് ഗ്രൂപ്പിൽ ക്ഷേത്രങ്ങളുടെ എണ്ണം കുറഞ്ഞത് എട്ട് എന്ന് പരിമിതപ്പെടുത്തി സബ് ഗ്രൂപ്പിൽ എണ്ണം നിശ്ചയിക്കാനും വ്യവസ്ഥ ഉൾപ്പെടുത്തേണ്ടതാണ്. ഒരു ദേവസ്വം ട്രൈബ്യൂണലും, ദേവസ്വം വികസന ധനകാര്യ കോർപ്പറേഷനും രൂപീകരിക്കുന്നതിന് പ്രത്യേകം നിയമം നിർമ്മാണം നടത്താവുന്നതാണ്.

7. ശ്രീ. ഗുരുവായൂർ ദേവസ്വത്തെ മലബാർ ദേവസ്വം ബോർഡിൽ ഉൾപ്പെടുത്തുകയോ ആയതിന് തടസ്സമുള്ള പക്ഷം ഗുരുവായൂർ ദേവസ്വത്തിന്റെ വാർഷിക വരുമാനത്തിൽ നിന്നും പത്തു ശതമാനം തുക മലബാർ ദേവസ്വം ബോർഡിന്റെ വികസനത്തിന് ഗ്രാന്റ് എന്ന നിലയിൽ പ്രതിവർഷം നൽകാൻ ശ്രീ ഗുരുവായൂർ ദേവസ്വം നിയമത്തിൽ വ്യവസ്ഥ ഉൾക്കൊള്ളിക്കുന്ന കാര്യം പരിഗണിച്ച് തീരുമാനിക്കാവുന്നതാണ്. അപ്രകാരം ചെയ്യുമ്പോൾ സർക്കാരിന്റെ സാമ്പത്തിക ബാദ്ധ്യത കുറയ്ക്കാൻ കഴിയുന്നതാണ്.

8. ഒ.പി. 214/1992 പ്രകാരമുള്ള കേസിലെ വിധിയിൽ നിരീക്ഷിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള ദേവസ്വം ഭൂസ്വത്തുക്കളിൽ നിന്നും ലഭിക്കുന്ന വരുമാനത്തിൽ നിന്നും മലബാർ ദേവസ്വം ബോർഡിന്റെ നടത്തിപ്പിന് ആവശ്യമായ ഗ്രാന്റ് നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ